**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 180** **07-10-2024 - ൽ മറുപടിയ്ക്ക്**

**കാരുണ്യ സ്പർശം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്യാൻസർ ചികിത്സയ്ക്കാവശ്യമായി വരുന്ന വൻചെലവ് ഇടത്തരക്കാർക്കും സാധാരണക്കാർക്കും താങ്ങാനാവാത്ത നിലയിൽ ഉയർന്നുകൊണ്ടിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ക്യാൻസർ ചികിത്സ അതിസങ്കീർണ്ണവും വലിയ ചികിത്സാ ചിലവ് വരുന്നതുമായ ഒരു പ്രക്രിയയാണ്. ക്യാൻസർ ചികിത്സാരംഗത്തെ പല നൂതന ചികിത്സാവിധികളും സാധാരണക്കാർക്ക് താങ്ങാൻ പറ്റുന്നതിനും മുകളിലാണ്. സർക്കാർ ഈ മേഖലയിൽ ഇടപെട്ടുകൊണ്ട് ക്യാൻസർ ചികിത്സ സാധാരണക്കാർക്ക് കൂടി പ്രാപ്യമാംവിധം വികേന്ദ്രീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ഉദ്ദേശലക്ഷ്യം പൊതുജനങ്ങൾക്കു ഇടനിലക്കാരുടെ ചൂഷണമില്ലാതെ കമ്പനികളുമായി നേരിട്ട് വിലപേശൽ ചർച്ചകൾ നടത്തി ഏറ്റവും കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുക എന്നതാണ്. ഈ വിഭാഗം വഴി നടപ്പിലാക്കിയ രാജ്യത്തിനാകെ മാതൃകയാകുന്ന നൂതനമായ ഒരു സംരംഭമാണ് കാരുണ്യ സ്പർശം അഥവാ Zero profit Anti Cancer Medicine Counter. ക്യാൻസർ രോഗികൾ ഉപയോഗിക്കുന്ന മരുന്നുകൾ പൊതു വിപണിയിൽ ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയിൽ ഇവിടെ ലഭിക്കും. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി 14 ജില്ലകളിലായി തിരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസികളിലൂടെ ഉയർന്ന നിരക്കിലുള്ള മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നു. ഇത്തരത്തിൽ 247 ഇനം Branded മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് പുറമേ ആരോഗ്യ വകുപ്പിന് കീഴിലുള്ള 25 ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ വിധികൾ സൗജന്യ നിരക്കിൽ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ക്യാൻസർ ചികിത്സയ്ക്കുള്ള അവശ്യ മരുന്നുകൾ താങ്ങാനാവുന്ന വിലയ്ക്ക് ലഭ്യമാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി വിലയേറിയ ക്യാൻസർ മരുന്നുകൾ കാരുണ്യ ഫാർമസി വഴി നൽകാനുള്ള കാരുണ്യ സ്പർശം പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ക്യാൻസർ ചികിത്സ അതിസങ്കീർണ്ണവും വലിയ ചികിത്സാ ചിലവ് വരുന്നതുമായ ഒരു പ്രക്രിയയാണ്. ക്യാൻസർ ചികിത്സാരംഗത്തെ പല നൂതന ചികിത്സാവിധികളും സാധാരണക്കാർക്ക് താങ്ങാൻ പറ്റുന്നതിനും മുകളിലാണ്. സർക്കാർ ഈ മേഖലയിൽ ഇടപെട്ടുകൊണ്ട് ക്യാൻസർ ചികിത്സ സാധാരണക്കാർക്ക് കൂടി പ്രാപ്യമാംവിധം വികേന്ദ്രീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ഉദ്ദേശലക്ഷ്യം പൊതുജനങ്ങൾക്കു ഇടനിലക്കാരുടെ ചൂഷണമില്ലാതെ കമ്പനികളുമായി നേരിട്ട് വിലപേശൽ ചർച്ചകൾ നടത്തി ഏറ്റവും കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുക എന്നതാണ്. ഈ വിഭാഗം വഴി നടപ്പിലാക്കിയ രാജ്യത്തിനാകെ മാതൃകയാകുന്ന നൂതനമായ ഒരു സംരംഭമാണ് കാരുണ്യ സ്പർശം അഥവാ Zero profit Anti Cancer Medicine Counter. ക്യാൻസർ രോഗികൾ ഉപയോഗിക്കുന്ന മരുന്നുകൾ പൊതു വിപണിയിൽ ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയിൽ ഇവിടെ ലഭിക്കും. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി 14 ജില്ലകളിലായി തിരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസികളിലൂടെ ഉയർന്ന നിരക്കിലുള്ള മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നു. ഇത്തരത്തിൽ 247 ഇനം Branded മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് പുറമേ ആരോഗ്യ വകുപ്പിന് കീഴിലുള്ള 25 ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ വിധികൾ സൗജന്യ നിരക്കിൽ നൽകി വരുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പൂർണമായും പ്രയോജനപ്പെടുത്തുന്നതിനായി കൂടുതൽ ഇടങ്ങളിൽ ക്യാൻസർ മരുന്നുകൾ എത്തിച്ചു വിതരണം ചെയ്യാൻ സംവിധാനമൊരുക്കുമോയെന്ന് വിശദമാക്കുമോ; | (സി) | നിലവിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 14 കാരുണ്യഫാർമസികളിൽ, കാരുണ്യ സ്പർശം എന്ന പേരിൽ ക്യാൻസർ രോഗികൾക്കായി "Zero Profit Anti-Cancer Medicine Counter" പ്രവർത്തിച്ചു വരുന്നു. ഈ പദ്ധതി സംസ്ഥാനത്തെ മറ്റ് കാരുണ്യ ഫാർമസി കളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. |
| (ഡി) | കാരുണ്യ സ്പർശം പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി പരമാവധി വിലക്കുറവിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയവർക്കുള്ള മരുന്നുകൾ നൽകി വരുന്നുണ്ട്. കാരുണ്യ സ്പർശം വഴി അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയവർക്കുള്ള മരുന്നുകൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പരിഗണനയിലാണ് . |

സെക്ഷൻ ഓഫീസർ